## പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 3019

23/03/2015 -ൽ
മറുപടിയ്ക്ക്

### മേച്ചിറ-കനാൽബണ്ട് റോഡിന്റെ നവീകരണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ബി.ഡി. ദേവസ്സി | | ശ്രീ.കെ.സി..ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) | |
| (എ) | ഹിൽ ഏരിയ ഡെവലപ്പ്മെന്റ് ഏജൻസി, നബാർഡിന്റെ സഹായ ത്തോടുകൂടി നടപ്പാക്കുന്നതിനായി സമർപ്പിച്ച ആർ. ഐ. ഡി. എഫ് റോഡ് പ്രോജക്ടുകളിൽ ഉൾപ്പെട്ട ചാലക്കുടി മണ്ഡലത്തിലെ കോടശ്ശേരി ഗ്രാമപഞ്ചായത്തിലെ മേച്ചിറ- കനാൽ ബണ്ട് റോഡിന്റെ നവീകരണത്തിന് ഇനിയും അനുമതി ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) & (ബി) | ഹിൽ ഏരിയ ഡവലപ്പ്മെന്റ് ഏജൻസി നബാർഡിന്റെ സഹായത്തോടുകൂടി നടപ്പാക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള ആർ.ഐ.ഡി.എഫ് റോഡ് പ്രോജക്ടു കളിൽ ഉൾപ്പെട്ട ചാലക്കുടി മണ്ഡല ത്തിലെ കോടശ്ശേരി ഗ്രാമപഞ്ചായ ത്തിലെ മേച്ചിറ മെയിൻ കനാൽ ബണ്ട് റോഡ് (30 ലക്ഷം രൂപ) പ്രവൃത്തിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രവൃ ത്തി ആരംഭിക്കുന്നതിനുവേണ്ടി ടെണ്ടർ നടപടികൾ സ്വീകരിക്കുന്ന തിന് ചാലക്കുടി ബ്ലോക്ക് ഡവലപ്പ് മെന്റ് ഓഫീസർക്ക് ഹിൽ ഏരിയ ഡവലപ്പ്മെന്റ് ഏജൻസി നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. |
| (ബി) | റോഡിന്റെ നിർമ്മാണ അനുമതി ലഭിക്കുന്നതിന് എന്തെങ്കിലും തടസ്സ ങ്ങൾ നിലനിൽക്കുന്നുണ്ടോ; | | |
| (സി) | ഉണ്ടെങ്കിൽ, തടസ്സങ്ങൾ നീക്കി, റോഡിന്റെ നിർമ്മാണം ആരംഭിക്കു ന്നതിന് ആവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കുമോ? | (സി) | ആർ.ഐ.ഡി.എഫ് പദ്ധതിയിൽ ഉൾ പ്പെടുത്തി കോടശ്ശേരി ഗ്രാമപഞ്ചാ യത്തിലെ മേച്ചിറ മെയിൻ കനാൽ ബണ്ട് റോഡിന് 30 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. 32 ലക്ഷം രൂപയുടെ എസ്റ്റിമേറ്റാണ് അംഗീകാരത്തിനായി ബ്ലോക്കിൽ നിന്നും സമർപ്പിച്ചിരുന്നത്. എന്നാൽ നബാർഡിന്റെ അംഗീകാരം ലഭിച്ചത് 30 ലക്ഷം രൂപയ്ക്കാണ്. എസ്റ്റിമേറ്റ് പ്രകാരം എർത്ത് വർക്കിന് 2,11,968 രൂപയും ഡബ്ല്യു.ബി.എം-1ന് 9,21,989 രൂപയുമാണ് വകയിരുത്തിയത്. നബാർഡ് പരിശോധന നടത്തി അംഗീകരിച്ചപ്പോൾ എർത്ത് വർക്കിന് |

1,11,968 രൂപയും ഡബ്ല്യു.ബി. എം-1ന് 8,21,989 രൂപയുമാണ് വകയിരുത്തിയിരിക്കുന്നത്. ആയതിനാൽ എസ്റ്റിമേറ്റ് അതിൻപ്രകാരം മാറ്റം വരുത്തി പ്രവർത്തിക്ക് സാങ്കേതികാനുമതി വാങ്ങി പ്രവർത്തി ആരംഭിക്കുന്നതിന് ബ്ലോക്ക് ഡവലപ്പ്മെന്റ് ഓഫീസർക്ക് നിർദ്ദേശം നൽകിട്ടുണ്ട്. റോഡ് കടന്നുപോകുന്നത് ഇറിഗേഷൻ വകുപ്പിന്റെ കനാൽ ബണ്ടിലൂടെ ആയതിനാൽ ടി വകുപ്പിൽനിന്നും അനുവാദം വാങ്ങി അടിയന്തിരമായി പ്രവർത്തി ആരംഭിക്കുന്നതിനും ബ്ലോക്ക് ഡവലപ്പ്മെന്റ് ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

Bijumon

സെക്ഷൻ ഓഫീസർ